ഖുത്ബ
29.6.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# മതകാര്യങ്ങളിൽ മുസ്‌ലിം ബലം പ്രയോഗിക്കാറില്ല

നീതി സ്ഥാപിക്കുന്നതിനുള്ള ഇസ്‌ലാമിന്റെ ശാന്തിയുടേയും മൈത്രിയുടേയും സമാധാനത്തിന്റേയും അധ്യാപനത്തെക്കുറിച്ച് കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നു. വിശുദ്ധഖുർആന്റെ കല്പനകൾ വിവരിക്കുകയും ചെയ്തിരുന്നു. നീതിയുടെ തേട്ടമെന്താണോ അത് പൂർത്തീകരിക്കുന്നതിലൂടെ മാത്രമേ ലോകത്ത് മൈത്രിയുടേയും ശാന്തിയുടേയും അടിത്തറയിടാൻ സാധിക്കുകയുള്ളൂ. ഇതിന്റെ അടിത്തറ തഖ്‌വയിലധിഷ്ഠിതമാണ്. വിശുദ്ധഖുർആനിൽ തഖ്‌വ അഥവാ ദൈവഭക്തിയിൽ നിലകൊള്ളുന്നതിന്, മുസൽമാനെ താക്കീതുചെയ്ത് കല്പിച്ചിട്ടുണ്ട്. ആവർത്തിച്ചാവർത്തിച്ച് കല്പിച്ചിട്ടുണ്ട്. ഒരു സത്യവിശ്വാസി ലോകത്തുനടക്കുന്ന അശാന്തി പരത്തുന്ന പ്രവർത്തനങ്ങളിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കാനേ പറ്റുകയില്ല. വ്യക്തിഗതമായോ ഭരണപരമായ നിലയിലോ ശത്രുത പുലർത്തുന്ന ഏതെങ്കിലും ജനതയോട് അനീതിപരമായ നിലയിൽ പെരുമാറുക എന്നത് മുസൽമാന് യോജിച്ചതല്ലെന്ന് ഞാൻ ഖുർആന്റെ വെളിച്ചത്തിൽ പറഞ്ഞിരുന്നു.

ഇസ്‌ലാം എല്ലാ ജനതകളോടും, മൈത്രിയോടും ശാന്തിയോടുംകൂടി പെരുമാറാൻ പഠിപ്പിക്കുന്നു; നേരിട്ട് മുസ്‌ലിംകളുടെമേൽ യുദ്ധം അടിച്ചേല്പിക്കാൻ ശ്രമിക്കുന്നവരോടൊഴികെ. ഇതുസംബന്ധമായി ഇന്ന് കൂടുതൽ ഖുർആനികാധ്യാപനം പറയുന്നതാണ്. എന്തിന്? ഏതു പരിധിവരെയാണ് യുദ്ധം ചെയ്യാൻ അനുവാദമുള്ളത്? പ്രാരംഭ കാലഘട്ടത്തിൽ ഇസ്‌ലാം അനുവദിച്ചിരുന്ന യുദ്ധം ചെയ്തിരുന്നില്ലെങ്കിൽ എന്തെന്തെല്ലാം നഷ്ടങ്ങൾ ഉണ്ടാകുമായിരുന്നു? അതിന് എത്ര ഭയാനകമായ ഫലങ്ങളായിരിക്കും ഉണ്ടാകുമായിരുന്നത്. ഇതിൽനിന്ന് യുദ്ധത്തിനുള്ള അനുവാദം, ലോകത്ത് ശാന്തിക്കും സമാധാനത്തിനും വേണ്ടിയായിരുന്നുവെന്നും അല്ലാതെ കുഴപ്പങ്ങളും ലഹളകളും ഉണ്ടാക്കാനായിരുന്നില്ലെന്നും സ്ഥാപിതമാകും. ഇന്ന് ഇസ്‌ലാമിന്നെതിരിൽ പ്രചാരണം ചെയ്യുന്നവർ ബഹളം കൂട്ടുന്നതുപോലെ, ഈ എതിരാളികളുടേയോ അവരുടെ കൂടെ നില്ക്കുന്നവരുടേയോ അവരെ പിന്തുണച്ചുകൊണ്ട് എഴുന്നേറ്റു നില്ക്കുന്നവരുടേയോ മതത്തിന്റേയും അവരുടെ ഭരണകൂടത്തിന്റേയും പ്രവൃത്തിയും ലോകത്തിലെ ശാന്തിയേയും സമാധാനത്തേയും തകർക്കാനുള്ള അവരുടെ ശ്രമവും പറയാൻ തുടങ്ങിയാൽ, അവർക്ക് ഓടിപ്പോകാൻ മറ്റൊരു വഴിയുമുണ്ടാകുകയില്ല. പക്ഷേ, നമ്മുടെ ഉദ്ദേശ്യം മനസ്സുകളിലെ വൈരാഗ്യവും വിദ്വേഷവും കൂടുതൽ വർദ്ധിപ്പിക്കുക എന്നതല്ല. അതുകൊണ്ട് ഖുർആനികാധ്യാപനങ്ങളെക്കുറിച്ച് ഇവിടെ വിവരിക്കുന്നതാണ്. ഇതിൽനിന്ന് യുദ്ധം ചെയ്യാനോ വധിക്കാനോ അനുവാദം കിട്ടിയിരുന്നത്, എന്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്ന് മനസ്സിലാകുന്നതാണ്. ഇത് മനസ്സിലാക്കുന്നതിലൂടെ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം കൂടുതൽ വ്യക്തമാകുകയും ചെയ്യും. മറ്റുള്ള മതങ്ങളുടെ അധ്യാപനങ്ങൾക്കെതിരിൽ ഇസ്‌ലാമിന്റെ അധ്യാപനം മഹിമാവിലാസത്തോടും സൗന്ദര്യത്തോടുംകൂടി അതിന്റെ സ്ഥാനം വ്യക്തമാക്കുന്നതുമാണ്. മറ്റു അധ്യാപനങ്ങൾക്ക് ഇതിന്റെ അയലത്തുപോലും വരാൻ സാധ്യമല്ല. അതിനാൽ, ഏതെങ്കിലും ആക്ഷേപകന് മറുപടി കൊടുക്കുന്നതിൽ ഒരഹ്മദിയും മടികാണിക്കേണ്ട ആവശ്യമില്ല. വിശുദ്ധഖുർആനിലെ ഓരോ കല്പനയും യുക്തിഭദ്രമാണ്. ഇതിന്റെ ഉദ്ദേശ്യം അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമകൾ സ്ഥാപിക്കലാണ്. നബി(സ) തിരുമേനിയുടെ കാലത്തും ഖുലഫാഉർറാശിദീങ്ങളുടെ കാലത്തും ചെയ്യേണ്ടിവന്ന യുദ്ധങ്ങളെക്കുറിച്ചുള്ള കാരണങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: ഇതിന് മൂന്ന് കാരണമുണ്ട്. 1. പ്രതിരോധമെന്നനിലയിൽ. 2. ശിക്ഷ കൊടുക്കുക എന്ന നിലയിൽ അതായത് ചോരയ്ക്കു പകരം ചോര. മുസ്‌ലിംകളുടെമേൽ ആക്രമണം നടത്തിയവർക്ക് ശിക്ഷ കൊടുക്കാൻവേണ്ടി യുദ്ധം ചെയ്തു. അത് ഇസ്‌ലാമിക ഭരണമായിരുന്നതുകൊണ്ട് ശിക്ഷ കൊടുക്കാൻ അതിന് അധികാരവുമുണ്ടായിരുന്നു. 3. സ്വാതന്ത്ര്യം സ്ഥാപിക്കുക എന്ന നിലയിൽ. അതായത് മുസ്‌ലിംകൾ എതിരാളികളിൽനിന്നുള്ള മോചനത്തിനായി യുദ്ധം ചെയ്തു. ഇസ്‌ലാം സ്വീകരിച്ചുവരുടെമേൽ അക്രമം അഴിച്ചുവിടുന്നവരുടെ ശക്തി തകർക്കുന്നതിനായിട്ടാണ് അത് ചെയ്തത്. ശത്രുക്കൾ അവരെ കൊന്നതും ബുദ്ധിമുട്ടിച്ചതും, മുസ്‌ലിമായതുകൊണ്ടു മാത്രമായിരുന്നു. ഈ ഘട്ടത്തിൽ വിശുദ്ധഖുർആന്റെ

പാഠമെന്താണെന്ന് ഇനി നമുക്കു നോക്കാം. ഈ അധ്യാപനം കണ്ടിട്ട്, ഒരു സാധാരണ ബുദ്ധിയുള്ള വനുപോലും മനസ്സിലാക്കാൻ കഴിയും, ആ പരിത സ്ഥിതിയിൽ മുസ്‌ലിംകൾക്ക് യുദ്ധം ചെയ്യാൻ അനു വാദം നല്കപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ, ലോകത്തിലെ ശാന്തിയും സമാധാനവും അവസാനിച്ചുപോകുമാ യിരുന്നുവെന്ന്. നശിച്ചുപോകുമായിരുന്നുവെന്ന്. ഞാൻ മുമ്പേയും പറഞ്ഞതുപോലെ, ഒരു മതത്തി ന്റേയും അധ്യാപനത്തിന് അത് ക്രിസ്തീയരുടേയോ യഹൂദരുടേയോ മറ്റാരുടെയെങ്കിലുമാകട്ടെ, ഇതിന്റെ അയലത്തുവരാൻ സാധ്യമല്ല. അല്ലാഹു വിശുദ്ധഖുർ ആനിൽ പറയുന്നു:

أُذِنَ لِلَّذِينَ يُقَاتَلُونَ بِأَنَّهُمْ ظُلِمُوا ۚ
وَإِنَّ اللَّهَ عَلَىٰ نَصْرِهِمْ لَقَدِيرٌ ۝

യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചു യുദ്ധം ചെയ്യാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെ ന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ച യായും അല്ലാഹു അവരെ സഹായിക്കുവാൻ കഴി വുള്ളവനാകുന്നു (22:40). പിന്നീട് പറഞ്ഞു:

الَّذِينَ أُخْرِجُوا مِن دِيَارِهِم بِغَيْرِ حَقٍّ
إِلَّا أَن يَقُولُوا رَبُّنَا اللَّهُ ۗ وَلَوْلَا دَفْعُ اللَّهِ
النَّاسَ بَعْضَهُم بِبَعْضٍ لَّهُدِّمَتْ
صَوَامِعُ وَبِيَعٌ وَصَلَوَاتٌ وَمَسَاجِدُ
يُذْكَرُ فِيهَا اسْمُ اللَّهِ كَثِيرًا ۗ وَلَيَنصُرَنَّ
اللَّهُ مَن يَنصُرُهُ ۗ إِنَّ اللَّهَ لَقَوِيٌّ عَزِيزٌ ۝

"ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നവർ പറയുന്നതുകൊണ്ടുമാത്രം അന്യായമായി തങ്ങളുടെ ഭവനങ്ങളിൽനിന്ന് ബഹിഷ്ക്കരിക്കപ്പെട്ടവരാണ് അവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽനിന്നുള്ള അക്രമത്തിൽനിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നല്കിയില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപള്ളി കളും അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്ക പ്പെടുന്ന മുസ്‌ലിം പള്ളികളും എല്ലാം തകർക്കപ്പെടു മായിരുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുകതന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനുമാകുന്നു" (22:41).

അതായത് അനുവാദം നല്കപ്പെട്ടത് ***യുഖാ ത്തലൂന ബിഅന്നഹും ളുലിമൂ*** അവരുടെമേൽ അക്രമം ചെയ്യപ്പെടുകയായിരുന്നതുകൊണ്ടും, അനാ വശ്യമായി അവർ വധിക്കപ്പെടുകയായിരു ന്നതുകൊണ്ടുമാണ്. അതിനാലാണ് 'നിങ്ങളുടെ ഭരണം സ്ഥാപിതമായിക്കഴിഞ്ഞിരിക്കുന്നു, ഇനി നിങ്ങളും തിരിച്ച് യുദ്ധം ചെയ്യുക' എന്നു പറഞ്ഞു കൊണ്ട് അനുവാദം നല്കിയിരിക്കുന്നത്. ഭരണം സ്ഥാപിതമായിട്ടുള്ളതുകൊണ്ട് കൊലപാതകിയെ ശിക്ഷിക്കുക. പിന്നീട് പറഞ്ഞു: ***ഉഖ്‌രിജൂ മിൻദിയാ രിഹിം ബിഗയ്‌രി ഹഖ്ഖിൻ***- അവരുടെ വീടുക ളിൽനിന്ന് യാതൊരു കാരണവും കൂടാതെ അവർ പുറത്താക്കപ്പെട്ടു. അവർ ചെയ്ത തെറ്റെന്താണ്? '***റബ്ബു നല്ലാഹ്***' എന്നു പറഞ്ഞതുമാത്രം! അല്ലാഹു ഞങ്ങ ളുടെ രക്ഷിതാവാണെന്ന്. പിന്നീട് അല്ലാഹു പറയു ന്നു, ഇങ്ങനെ അനുവാദം നല്കിയില്ലായിരുന്നെ ങ്കിൽ- മുസ്‌ലിംകൾക്ക് ഒരു ദീർഘകാലം അക്രമം സഹിച്ചതിനുശേഷമാണ് അത് നല്കപ്പെട്ടത്- ലോകത്ത് എല്ലായിടത്തും കുഴപ്പങ്ങളും കലഹ ങ്ങളും ഉണ്ടാകുമായിരുന്നു. അതുകൊണ്ട് ഇതു നിയ മപരമായ കല്പനയാണ് വന്നിട്ടുള്ളത്. അതായത് ഏതെങ്കിലും ജനത, നീണ്ടകാലം തുടർച്ചയായി മറ്റു ജനതകളുടെ അക്രമങ്ങൾക്കു വിധേയരായിക്കൊ ണ്ടിരിക്കുമ്പോഴാണ് ഈ അനുവാദം നല്കപ്പെടുന്ന ത്. അവരുടെ ഭരണം നിലവിൽ വരികയും, അവർക്കു അധികാരങ്ങളുണ്ടാകുകയും ചെയ്യുമ്പോൾ പ്രതിരോ ധിക്കുക. പക്ഷേ, ഇതിന്റെ ഉദ്ദേശ്യം അക്രമം അവസാ നിപ്പിക്കുക എന്നതാണ്. അല്ലാതെ, അതിരുകടന്ന് അക്രമത്തിന് പകരം വീട്ടുകയല്ല. ഈ സംഗതി ഇവിടെ പരിമിതപ്പെടുത്തിയിരിക്കുന്നു എന്ന കാര്യം ഓർക്കുക. ഈ യുക്തിനിർഭരമായ നിർദ്ദേശം മറ്റു മതങ്ങളുടെ സംരക്ഷണത്തിനുള്ള ഏർപ്പാടും ചെയ്തിരിക്കുന്നു. ഈ അനുവാദം നല്കിയില്ലായി രുന്നെങ്കിൽ, എല്ലാ മതങ്ങളുടേയും ആരാധനാലയ ങ്ങൾ, അക്രമികളുടെ കൈയാൽ തകർക്കപ്പെടുമാ യിരുന്നു. ഇതുമുഖേന വെറുപ്പുകൾ കൂടുതലാകുമാ യിരുന്നു. സമാധാനം ലോകത്തുനിന്ന് ഉയർന്നുപോ കുമായിരുന്നു. അക്രമികളെ അവരുടെ അക്രമങ്ങ ളിൽനിന്ന് തടയാൻ എന്നേക്കുമുള്ള അനുവാദമാ ണിത്. അല്ലാഹു ഇവിടെ പറഞ്ഞിരിക്കുകയാണ്. ഇസ്‌ലാമിക ഭരണത്തിനുമേൽ ഇവർ ആക്ഷേപം ഉന്ന യിക്കുന്നവരാണെങ്കിൽ അത് അങ്ങേയറ്റം തെറ്റായ ആക്ഷേപമാണ്. അക്രമം പരിധി ലംഘിക്കുമ്പോൾ, അത് തടയുന്നതിന് ശക്തി പ്രയോഗിക്കാറുണ്ട്.

ഇസ്‌ലാം, മതത്തിന്റെ കാര്യത്തിൽ ആരുടെ മേലും ബലം പ്രയോഗിക്കാറില്ല. ഇതിൽ ഒരു ബലാൽക്കാരവുമില്ലെന്ന് അത് തുറന്നു പ്രഖ്യാപിക്കു ന്നു. തന്റെ മതത്തിൽ അതാരേയും ബലാല്ക്കാര മായി കടത്തിയില്ല, അതിനൊട്ടു കല്പിച്ചതുമില്ല.

അങ്ങനെയൊട്ടു ചെയ്യാനും സാധ്യമല്ല. മതം ഓരോരുത്തരുടേയും മനസ്സുമായി ബന്ധപ്പെട്ട കാര്യമാണ്. അതുകൊണ്ട് ഓരോരുത്തരും അതനുസരിച്ച് ജീവിക്കാൻ അവകാശപ്പെട്ടവരാണ്. ഈ കല്പനയിൽ മുസ്ലിംകളോട് എവിടെയൊക്കെ നിങ്ങൾക്ക് ഭരണമുണ്ടോ, നിങ്ങൾ നിങ്ങളുടെ നാട്ടിലെ മറ്റുള്ളവരുടെ ആരാധനാലയങ്ങളെ ആക്രമിച്ച് നശിപ്പിക്കരുത് എന്ന പ്രധാന കാര്യവും എടുത്തുപറഞ്ഞിരുന്നു. ഇല്ലെങ്കിൽ ഈ അക്രമം ഒരുകൂട്ടർ മറ്റൊരു കൂട്ടരുടെമേൽ നടത്തിക്കൊണ്ടേയിരിക്കും. നിങ്ങളുടെ പള്ളികളും തകർക്കപ്പെടും. അങ്ങനെ കുഴപ്പങ്ങളുടെ ഒരു പരമ്പര തുടങ്ങും. നിർഭാഗ്യവശാൽ, ഇന്ന് പാക്കിസ്ഥാൻ ഉൾപ്പെടെ ചില മുസ്ലിം രാഷ്ട്രങ്ങളിൽ, ചില സ്വാർത്ഥമതികളായ മുല്ലമാർ ഇസ്ലാമിന്റെ പേരിൽ 'മുസ്ലിമാകുക, ഇല്ലെങ്കിൽ വധിക്കപ്പെടും' എന്നു പറഞ്ഞ് ക്രിസ്ത്യാനികൾക്ക് നോട്ടീസ് കൊടുത്ത വാർത്ത കഴിഞ്ഞ ദിനങ്ങളിൽ പത്രത്തിൽ വന്നിരുന്നു. നിങ്ങളുടെ പള്ളികൾ തകർത്തുകളയുമെന്നും ഭീഷണി മുഴക്കിയിരുന്നു. കുറച്ചു വർഷം മുമ്പേ ഇവർ തകർക്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം ഇസ്ലാമിന് ചീത്തപ്പേരുണ്ടാക്കിയ കാര്യങ്ങളാണ്. ഇസ്ലാമിന്റെ എതിരാളികൾക്ക് ഇസ്ലാമിന്റെമേൽ വിരലുയർത്താൻ അവസരം ഉണ്ടാക്കിക്കൊടുത്തു. ഇന്ന് മുസ്ലിംകൾക്ക് എല്ലായിടത്തും ഇക്കാരണങ്ങളാൽ വിഷമം നേരിടേണ്ടി വരുന്നു. അതും അല്ലാഹുവിന്റെ കല്പനകൾക്കു വിരുദ്ധമായി പ്രവർത്തിച്ചതുകൊണ്ടാണ്. കുഴപ്പവും കലഹവും അവസാനിപ്പിക്കാൻ പ്രവർത്തിക്കുകയാണെങ്കിൽ, അല്ലാഹുവിന്റെ സഹായവും രക്ഷയും നിങ്ങളോടൊപ്പം എന്നെന്നും നിലനില്ക്കുമെന്നുള്ളത് അവന്റെ വാഗ്ദാനമാണ്. ഇന്ന് നമുക്ക് ഒരു മുസ്ലിം നാട്ടിലും, അവിടുത്തെ ഭരണത്തിലും അല്ലാഹുവിന്റെ സഹായമുള്ളതായി കാണാൻ കഴിയുന്നില്ല. അവയെല്ലാം അങ്ങേയറ്റം മോശമായ അവസ്ഥയിലാണുള്ളത്.

അഹ്മദികളുടെമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമത്തിന്റെ ഫലമായി, പള്ളികൾ തകർക്കുകയും ചിലയിടത്ത് അവരതിൽ വിജയിക്കുകയും ചെയ്യുന്നു. ഇത് അല്ലാഹുവിനെ ധിക്കരിക്കുന്ന പ്രവൃത്തിയാണ്. അല്ലാഹുവിന്റെ മുമ്പിൽ ധിക്കാരികളായിത്തീരുകയാണ്. ഇക്കാരണത്താൽ അനുഗ്രഹം ഉയർന്നുപോകുന്നു. ഞാൻ മുമ്പേയും പറഞ്ഞിട്ടുള്ളതാണ്, നിങ്ങൾ പാക്കിസ്ഥാന്റെ അവസ്ഥ എന്താണെന്ന് നോക്കുക. എല്ലാ രാഷ്ട്രങ്ങളുടേയും അവസ്ഥ ഇതുതന്നെയാണ്. ഭരണകൂടം ഈ അജ്ഞരായ മൗലവിമാർക്ക് ഇനിയും കടിഞ്ഞാണിടുന്നില്ലെങ്കിൽ, ഈ യുദ്ധം അല്ലാഹുവിന്നെതിരിലാണെന്ന് അറിഞ്ഞുകൊള്ളുക. അഹ്മദികളെ സംബന്ധിച്ചിടത്തോളം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ട്, അക്രമത്തെ അക്രമംകൊണ്ട് നേരിടാറില്ല. ഏതൊരു ഭരണത്തിൻ കീഴിലാണോ അവർ വസിക്കുന്നത് അതിന്റെ നിയമങ്ങളെ പാലിക്കുന്ന കാരണത്താൽ- അക്രമം സഹിക്കുകയും, സഹനം കൈക്കൊള്ളുകയും ചെയ്യുന്നുണ്ടെന്നത് ശരി.

മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ വാളെടുത്തുള്ള യുദ്ധം നിഷിദ്ധമാണ്. അതുകൊണ്ട് അഹ്മദികൾ, കല്ലിനു പകരം കല്ലുകൊണ്ടു മറുപടി പറയാൻ പാടില്ല. പക്ഷേ, അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച് തീർച്ചയായും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സഹായിക്കാൻ വരും.

ഏതെല്ലാം മുസ്ലിം രാഷ്ട്രങ്ങളിൽ അഹ്മദികളുടെമേൽ അക്രമം ഉണ്ടാകുന്നുവോ, അല്ലെങ്കിൽ അവർക്കെതിരിൽ നിയമം പാസാക്കുന്നുവോ അവർ ചിന്തിക്കേണ്ടതാണ്. ഈ അക്രമങ്ങൾ അതിന്റെ പാരമ്യതയിലെത്തിയ കാരണത്താൽ, '***ദഫ്ഉല്ലാഹിന്നാസ ബഅ്ളഹും ബിബഅ്ളിൻ***'- അല്ലാഹു മനുഷ്യരെ, അവരിൽ ചിലരെ മറ്റു ചിലരെക്കൊണ്ട് പോരാടിച്ചു തടയുന്നു (2:252) എന്ന അല്ലാഹുവിന്റെ കല്പന, നന്ദിയില്ലായ്മ കാരണത്താൽ ഇക്കൂട്ടരിലും പതിക്കാവുന്നതാണ്. ഇതു വെറും മുസ്ലിംകൾക്ക് മാത്രമുള്ള കല്പനയാണെന്ന് അല്ലാഹു പറഞ്ഞില്ല. മുസ്ലിംകൾ മർദ്ദിതരാകുകയാണെങ്കിൽ, അവർക്ക് വാളെടുക്കാൻ അനുവാദമുണ്ടെന്ന് പറഞ്ഞില്ല. അല്ലെങ്കിൽ ശാന്തിയും സമാധാനവും വെറും മുസ്ലിംകളുടെ അവകാശങ്ങൾ സ്ഥാപിക്കാനാണെന്നും പറഞ്ഞില്ല. പ്രത്യുത, ഓരോ മതക്കാർക്കുമുള്ളതാണ് ഈ കല്പന. അവരും മർദ്ദിതരാണെങ്കിൽ, അല്ലാഹു അവർക്കുവേണ്ടി ഏർപ്പാട് ചെയ്യുന്നതാണ്. അഹ്മദികൾ മുസ്ലിംകളാണെന്നു മാത്രമല്ല, നബി(സ)യുടെ പ്രവചനമനുസരിച്ചുവന്ന കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചകാരണത്താൽ, നബി(സ) തിരുമേനിയുടെ കല്പനയനുസരിച്ച് ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്നവരാണ്. ***ലാഇലാഹഇല്ലല്ലാഹ് മുഹമ്മദുർ റസൂലുല്ലാഹ്*** എന്ന പരിശുദ്ധ കലിമയെ തങ്ങളുടെ ഹൃദയങ്ങളിൽ വഹിക്കുന്നവരും അതിന്റെ ആത്മാവ് അറിയുന്നവരുമാണ്. ഏറ്റവുമധികം ഈ കലിമയിൽ വിശ്വസിക്കുന്നവരാണ്. അവരുടെമേൽ അക്രമം ചെയ്ത് അവരുടെ പള്ളികൾ തകർത്തുകൊണ്ട് അവർ സ്വയം 'മുസൽമാന്റെമേൽ ആക്രമണം നടത്തുന്ന മുസൽമാൻ മുസ്ലിമായിരിക്കുകയില്ല' എന്ന് നബി(സ) പറഞ്ഞ ഹദീസിന്റെ കീഴെ തങ്ങളെ കൊണ്ടു വരികയാണ് ചെയ്യുന്നത്. മുസ്ലിമിന്റെ നിർവചനവും ഇതുതന്നെയാണ്. '***ലാഇലാഹഇല്ലല്ലാഹ് മുഹമ്മദുർ റസൂലുല്ലാഹ്***' എന്ന കലിമയിൽ ദൃഢമായി വിശ്വസിക്കുന്നവൻ മുസ്ലിമാണ്. മസീഹ് മൗഊദ്(അ)ന്റെ ജമാഅത്ത് ആരുടെമേലും കൈ പൊക്കരുത്.

കാരണം നമ്മൾ ഇപ്പോൾ ഭരണത്തിനു കീഴിലാണു ള്ളത്. ഭരണം നമുക്കില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലത്ത് കാഠിന്യം പ്രവർത്തിക്കുന്നത് തടയാനും കാരണമിതാണ്.

സാധാരണ പരിതസ്ഥിതിയിലും നാം ആർക്കെ തിരേയും കൈയുയർത്താറില്ല. പിന്നെയല്ലേ, കലിമ ചൊല്ലിയവർക്കെതിരെ- തങ്ങളെ നബി(സ) തിരുമേ നിയുമായി ബന്ധപ്പെടുത്തുന്നവർക്കെതിരെ കൈ പൊക്കുന്ന പ്രശ്നം. അവർ എന്തുവേണമെങ്കിലും ചെയ്തുകൊള്ളട്ടെ. പക്ഷേ, നമ്മളിൽനിന്ന് അവർക്ക് കൊടുക്കാനുള്ളത് സമാധാന സന്ദേശമാണ്. എന്നാൽ, ഇൻശാഅല്ലാഹ് നമ്മളോടു ചെയ്യുന്ന ഈ അക്രമങ്ങൾ അകറ്റാനുള്ള വഴി അല്ലാഹുതന്നെ തുറക്കും എന്നതിൽ നമുക്ക് സംശയമില്ല. ഇന്നല്ലെ ങ്കിൽ നാളെ ഈ വഴി ഇൻശാഅല്ലാഹ് തുറക്കപ്പെ ടും. അഹ്മദി ഇൻശാഅല്ലാഹ് ഓരോയിടത്തും സ്വാതന്ത്ര്യത്തിന്റെ ശ്വാസമെടുക്കും. പക്ഷേ, ഈ ഭര ണകൂടങ്ങളും ആ നാട്ടിലെ തീവ്രവാദികളും പിന്മാ റാതെ വരുമ്പോൾ, അല്ലാഹു തന്റെ വിധിയനുസരി ച്ച്, ആരെയാണോ പ്രതിരോധത്തിന്നായി നിശ്ചയി ക്കുന്നത് അവർ പരിധി ലംഘിക്കുമോ എന്ന ആശങ്കയും നമുക്കുണ്ട്. കാരണം, അവരിൽ ഇസ്ലാ മിക അധ്യാപനമനുസരിച്ച് പ്രവർത്തിക്കാത്തവരുമു ണ്ടാകും. അവർക്ക് അതിര് ലംഘിക്കാതിരിക്കുക എന്ന പരിധിയില്ല. അവർ അത് ചാടിക്കടന്ന് പോകും. അതിനാൽ അല്ലാഹു വിവേകം നല്കാൻ നാം ഇത്ത രക്കാർക്കുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. മർദ്ദി തരായ മുസ്ലിംകൾക്ക് സമാധാനത്തിന്റെ സന്ദേശം ഇത് നല്കുന്നതിനോടൊപ്പം, മുസ്ലിംകളെന്ന് പറ ഞ്ഞുകൊണ്ട് അക്രമങ്ങളിൽനിന്ന് പിന്മാറാത്തവർ ഭയപ്പെടേണ്ട സ്ഥാനവും ആണത്.

ഞാൻ പറഞ്ഞതുപോലെ, ഈ സന്ദേശത്തിൽ അല്ലാഹുതആല ഓരോ മനുഷ്യന്റേയും സംരക്ഷണ ത്തിനുള്ള ഈട് നല്കിയിരിക്കുകയാണ്. അപ്പോൾ മുസ്ലിംകൾ എന്ന് പറഞ്ഞുകൊണ്ട്, ഇതനുസരിച്ച് പ്രവർത്തിക്കാത്തവർ സ്വയം അല്ലാഹുവിന്റെ പിടി ത്തത്തിന്റെ കീഴെ വരുന്നു. മുസ്ലിംകൾ എന്നു പറ യുന്നവർ ആരായാലും, അവർ ഇസ്ലാമിന് ചീത്ത പ്പേരുണ്ടാക്കുന്നതിനു പകരം, തങ്ങളുടെ അവസ്ഥ കൾ മാറ്റിയെടുത്ത് അല്ലാഹുവിന്റെ കല്പന കൂടു തൽ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇല്ലെങ്കിൽ അല്ലാഹുവിന്റെ സഹായം ഒരിക്കലും ഉണ്ടാകുകയി ല്ല. മുസ്ലിംകൾക്ക് വിവേകമുണ്ടാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഈ കല്പനയനുസരിച്ച് അവർ ഓരോ മർദ്ദനത്തേയും അകറ്റുന്നവരും ഓരോ അക്രമിയേയും അവരുടെ അക്രമങ്ങളിൽനിന്ന് തട യുന്നവരുമായിത്തീരട്ടെ. കാരണം മുസ്ലിംകളുടെ സമാധാനം ഞാൻ പറഞ്ഞതുപോലെ ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിന്റെ അടുത്ത ആയത്തിൽ അല്ലാഹു പറയുന്നു:

ٱلَّذِينَ إِن مَّكَّنَّٰهُمۡ فِي ٱلۡأَرۡضِ أَقَامُواْ
ٱلصَّلَوٰةَ وَءَاتَوُاْ ٱلزَّكَوٰةَ وَأَمَرُواْ
بِٱلۡمَعۡرُوفِ وَنَهَوۡاْ عَنِ ٱلۡمُنكَرِۗ وَلِلَّهِ
عَٰقِبَةُ ٱلۡأُمُورِ ٤٢

ഭൂമിയിൽ നാം അവർക്ക് സ്വാധീനം നല്കിയാ ൽ നമസ്കാരം നിലനിറുത്തുകയും സക്കാത്ത് കൊടു ക്കുകയും നല്ല കാര്യങ്ങൾ കല്പിക്കുകയും നിഷി ദ്ധകാര്യങ്ങൾ വിലക്കുകയും ചെയ്യുന്നവരായിരിക്കും അവർ. സകല കാര്യങ്ങളുടേയും പര്യവസാനം അല്ലാ ഹുവിങ്കലാകുന്നു (22:42).

ഇതാണ് ഇസ്ലാമിക ഭരണകൂടത്തിന്റെ ജോലി. അവർക്ക് ശക്തി ലഭിക്കുകയും, അല്ലാഹുവിന്റെ സഹായത്താൽ അവർ അക്രമികളെ അതിജയിക്കു കയും തങ്ങളുടെ ഭരണത്തിൻകീഴിൽ ഇസ്ലാമിക രീതിയിൽ തങ്ങളുടെ ജീവിതം നയിക്കുകയും ചെ യ്യുമ്പോൾ തങ്ങളെക്കുറിച്ച് പരിശോധിക്കേണ്ടതാണ്. ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താലാണോ കിട്ടിയതെന്ന് ചിന്തിക്കേണ്ടതാണ്. ജനങ്ങളെ അവ രുടെ സ്വാതന്ത്ര്യത്തിൽനിന്ന് തടയണമെന്ന ഉദ്ദേശ്യം വെച്ചുപുലർത്തുന്നവരെപ്പോലെ നാം ആകാൻപാടി ല്ല. നേരെമറിച്ച്, ഒരു ഇസ്ലാമിക ഭരണത്തിൽനിന്ന് പ്രതീക്ഷിക്കപ്പെടുന്നത് മതഭേദങ്ങളൊന്നും കൂടാതെ ഓരോ ദേശക്കാരനും സ്വാതന്ത്ര്യവും അഭിപ്രായം പറ യാനുള്ള അവകാശവുമാണ്. എല്ലാവർക്കും അഭി വൃദ്ധിയ്ക്കുള്ള സന്ദർഭം ലഭിക്കേണ്ടതാണ്. ഇത് ഇസ്ലാമിക ഭരണകൂടത്തിന്റെ ജോലിയാണ്. ഇങ്ങനെ യുള്ള ഇസ്ലാമിക ഭരണം നടത്തുന്നതിനുള്ള നീതി കൈവരുന്നതും ജനങ്ങളുടെ അവകാശം സംരക്ഷി ക്കാനുള്ള അവസരം കിട്ടുന്നതും, അല്ലാഹു എപ്പോഴും തന്നെ കണ്ടുകൊണ്ടിരിക്കുന്നു എന്ന ഓർമ്മ ഭരണാധികാരിക്ക് ഉണ്ടായിരിക്കുമ്പോഴാണ്. ആരുടെയെങ്കിലും അവകാശം ധ്വംസിക്കപ്പെടു മ്പോൾ, അതിന്റെ ഫലമായുണ്ടാകുന്ന ദൈവിശിക്ഷ യിൽനിന്നു, തന്നെ രക്ഷിക്കാൻ അല്ലാഹുവിനല്ലാതെ മറ്റാർക്കും സാധിക്കുകയില്ല എന്ന ബോധമുണ്ടാകു മ്പോഴാണ്. കാരണം അല്ലാഹുവിന്റെ ദൃഷ്ടി എല്ലാ വസ്തുക്കളുടെമേലുമുണ്ട്.

അതുകൊണ്ട് ഒരു മുസ്ലിമിന് അല്ലെങ്കിൽ മുസ്ലിം ഭരണകൂടത്തിന് ശക്തിയും ശാന്തിയും സമാ ധാനവും കിട്ടിയതിനുശേഷം യഥാർത്ഥ ആരാധക രാകേണ്ടിവരും. യഥാർത്ഥമായ ആരാധകരാകാതെ,

നമസ്കാരം നിലനിറുത്താതെ അല്ലാഹുവിനോടുള്ള ഭയം ഹൃദയത്തിലുണ്ടാകുകയില്ല. യഥാർത്ഥ നമസ്കാരം അല്ലാഹുവിനോടുള്ള ഭയവും തഖ്‌വയും കൊണ്ടാണ് നിറവേറ്റപ്പെടുന്നത്. അല്ലാഹു നാശം ഇറക്കിയിട്ടുള്ള ഒരുപാട് നമസ്കാരക്കാരുണ്ടെന്ന് അല്ലാഹു പറഞ്ഞു. അവരുടെ നമസ്കാരം അവരുടെ മുഖത്തേക്ക് വലിച്ചെറിയപ്പെടും. അല്ലാഹുവിന്റെ കല്പനയ്ക്കു വിധേയരായി നടക്കുന്ന ആളുകളുടെ രീതിയിലുള്ള നമസ്കാരമാണോ നാം അനുഷ്ഠിക്കുന്നതെന്ന് നോക്കണം. പിന്നീട് സാമ്പത്തികമായ ത്യാഗവും ചെയ്യേണ്ടിവരും. അക്രമം ചെയ്തുകൊണ്ട് മറ്റുള്ളവരുടെ മുതല് തട്ടിയെടുക്കുകയില്ല. പിന്നീട് നന്മ ചെയ്യാൻ പറഞ്ഞു. തിന്മയെ വിലക്കുകയും വേണം. ഇത് അല്ലാഹുവിനോടുള്ള തഖ്‌വ കൂടാതെ സാധ്യമല്ല. അതിനാൽ ഇപ്പറഞ്ഞ കാര്യങ്ങളുടെയെല്ലാം ചുരുക്കം, ഒരു ഇസ്‌ലാമികഭരണം ശക്തിപ്രാപിച്ചതിനുശേഷം തെറ്റായ വഴികളിലൂടെ സഞ്ചരിക്കുന്നതിൽ വ്യാപൃതരാകരുത്. ജാതിമതവർഗ്ഗഭേദമെന്യേ ഓരോ വാസിയുടേയും അവകാശം സംരക്ഷിക്കുകയും, ദരിദ്രരുടെ സ്ഥാനം അവർക്ക് നല്കുകയും ചെയ്യേണ്ടത് അവരുടെ ജോലിയാണ്; സമൂഹത്തിലും രാജ്യത്തും ശാന്തിയുടേയും സമാധാനത്തിന്റേയും അന്തരീക്ഷമുണ്ടാകാൻ ഇത് അനിവാര്യമാണ്. പ്രത്യേകിച്ച്, ഓരോ ദേശവാസിയുടേയും മനസ്സിനനുസരിച്ച് മതം സ്വീകരിക്കാനും അതനുസരിച്ച് ആരാധനകൾ നടത്താനും സാധിക്കുകയും ചെയ്യുംവിധം അവരുടെ ആരാധനാലയങ്ങൾക്ക് ഉറപ്പു നല്കുക. അതാണ് ഒരു ഇസ്‌ലാമിക ഭരണത്തിന്റെ പ്രവൃത്തി. ശാന്തിക്കും സമാധാനത്തിനും ഈടുനില്ക്കുന്നതും ഇതുതന്നെ.

ഇന്ന് സകല ഇസ്‌ലാമിക ഭരണകൂടങ്ങളുടേയും ജോലി, ഇസ്‌ലാമിന്റെ ഈ യഥാർത്ഥ ചിത്രം ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുക എന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ കൈയിൽ ഇപ്പോൾ ഭരണമൊന്നുമില്ല. അല്ലാഹു ഇക്കൂട്ടർക്ക്, ഇസ്‌ലാമിന്റെ ശരിയായ ചിത്രം സമർപ്പിക്കാനുള്ള തൗഫീഖ് നല്കുന്നതിനായി ദുആ ചെയ്യാനേ നമുക്ക് കഴിയൂ. ഇസ്‌ലാമിന്റെമേൽ, നാനാഭാഗത്തുനിന്നും ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ആക്രമണം, യഥാർത്ഥത്തിൽ ഈ ആക്രമണം ഇസ്‌ലാമിനെ മനസ്സിലാക്കാത്തതുകൊണ്ടും ചില മുസ്‌ലിംകളുടെ തെറ്റായ പ്രവർത്തനം കൊണ്ടുമാണ് നടക്കുന്നത്, ആ തെറ്റായ ധാരണ ലോകരുടെ തലയിൽനിന്ന് നീക്കണം. പിന്നീട് അല്ലാഹു പറയുന്നു, യുദ്ധം ചെയ്യാൻ ഇസ്‌ലാമിക ഭരണത്തിന് നല്കാറുള്ള ഈ അനുവാദം, (ആദ്യം ഞാൻ പറഞ്ഞ കാര്യങ്ങളിലാലാണ് ഈ അനുവാദം നൽകിയിട്ടുള്ളത്.) അതിരുകൾ നിശ്ചയിച്ചിട്ടുള്ളതാണ്. അതിന് നിയമങ്ങളും ചട്ടങ്ങളും ഉണ്ട്. പൂർണ്ണസ്വാതന്ത്ര്യം കൊടുത്തിട്ടില്ല. ഞാൻ പറഞ്ഞതുപോലെ, ആരെങ്കിലും അക്രമം ചെയ്യുകയാണെങ്കിൽ നിങ്ങളും അക്രമിയാകാൻ പാടില്ല. കഴിവിന്റെ പരമാവധി, തങ്ങളുടെ യുദ്ധം, അക്രമം തടയപ്പെടുന്നതുവരെ മാത്രമെ ചെയ്യാവൂ എന്ന പരിധി നിശ്ചയിക്കുക. ഒരുതരത്തിലുള്ള അതിക്രമവും ഇസ്‌ലാമികഭരണത്തിൽനിന്നുണ്ടാകാൻ പാടില്ല. അല്ലാഹു പറയുന്നു:

وَقَاتِلُوا فِي سَبِيلِ اللَّهِ الَّذِينَ يُقَاتِلُونَكُمْ
وَلَا تَعْتَدُوا ۚ إِنَّ اللَّهَ لَا يُحِبُّ الْمُعْتَدِينَ ﴿١٩١﴾

നിങ്ങളോടു യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ, നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അതിക്രമികളെ ഇഷ്ടപ്പെടുകയില്ലതന്നെ (2:191). തുടർന്നുപറഞ്ഞു:

وَاقْتُلُوهُمْ حَيْثُ ثَقِفْتُمُوهُمْ
وَأَخْرِجُوهُمْ مِنْ حَيْثُ أَخْرَجُوكُمْ
وَالْفِتْنَةُ أَشَدُّ مِنَ الْقَتْلِ ۚ وَلَا
تُقَاتِلُوهُمْ عِنْدَ الْمَسْجِدِ الْحَرَامِ حَتَّىٰ
يُقَاتِلُوكُمْ فِيهِ ۖ فَإِنْ قَاتَلُوكُمْ
فَاقْتُلُوهُمْ ۗ كَذَٰلِكَ جَزَاءُ الْكَافِرِينَ ﴿١٩٢﴾

നിങ്ങളോടു യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നവരെ നിങ്ങൾ കണ്ടുമുട്ടുന്നേടത്തുവെച്ച് വധിക്കുക. അവർ നിങ്ങളെ ബഹിഷ്കരിച്ചേടത്തുനിന്ന് അവരെ നിങ്ങളും ബഹിഷ്കരിക്കുക. 'ഫിത്ന' കൊലയേക്കാൾ കഠിനമത്രെ. മസ്ജിദുൽഹറാമിന്റെ സമീപത്തുവച്ച് അവർ നിങ്ങളോടു യുദ്ധം ചെയ്യുന്നതുവരെ നിങ്ങൾ അവരോടു യുദ്ധം ചെയ്യരുത്. അവിടെവെച്ച് അവർ നിങ്ങളോടു യുദ്ധം ചെയ്യുന്നുവെങ്കിൽ നിങ്ങൾ അവരെ വധിക്കുക. ഇങ്ങനെതന്നെയാണ് (അക്രമികളായ) ഈ അവിശ്വാസികൾക്കുള്ള ശിക്ഷ (2:192). വീണ്ടും പറഞ്ഞു:

فَإِنِ انْتَهَوْا فَإِنَّ اللَّهَ غَفُورٌ رَحِيمٌ ﴿١٩٣﴾

ഇനി അവർ വിരമിക്കുന്നുവെങ്കിൽ അല്ലാഹു സർവ്വഥാ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമാകുന്നു (2:193). തുടർന്നു പറയുന്നു:

وَقٰتِلُوْهُمْ حَتّٰى لَا تَكُوْنَ فِتْنَةٌ وَّيَكُوْنَ
الدِّيْنُ لِلّٰهِ ۭ فَاِنِ انْتَهَوْا فَلَا عُدْوَانَ اِلَّا
عَلَي الظّٰلِمِيْنَ ١٩٣

ഫിത്‌ന ഇല്ലാതാകുന്നതുവരേയും മതം സ്വീകരിക്കുന്നത് അല്ലാഹുവിനുവേണ്ടിയാകുന്നതുവരേയും നിങ്ങൾ അവരോടു യുദ്ധം ചെയ്തുകൊണ്ടിരിക്കുക. എന്നാൽ, അവർ വിരമിക്കുകയാണെങ്കിൽ, അക്രമികളല്ലാത്തവരുടെമേൽ യാതൊരു കയ്യേറ്റവും വിഹിതമല്ല (2:194).

ഇതാണ് നീതിയിലും ന്യായത്തിലും അധിഷ്ഠിതമായ ഇസ്‌ലാമികാധ്യാപനം. യുദ്ധം ചെയ്യാനുള്ള അനുവാദം നല്കപ്പെട്ടിരിക്കുന്നത്, അത് അല്ലാഹുവിനുവേണ്ടി മാത്രം ചെയ്യുക എന്ന നിലയിലാണ്. അല്ലാഹുവിനുവേണ്ടി ചെയ്യുന്ന ഒരു പ്രവൃത്തിയും അക്രമാധിഷ്ഠിതമായിരിക്കുകയില്ല. അതുകൊണ്ട് അല്ലാഹുവിനു വേണ്ടി യുദ്ധം ചെയ്യുക എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, അല്ലാഹുവിനെ ആരാധിക്കുന്നത് തടയുന്നവരുമായി യുദ്ധം ചെയ്യുക എന്നാണ്. അവർ അക്രമം ചെയ്യുന്നു. ആദ്യം പറഞ്ഞുകഴിഞ്ഞതാണ്, അവർ അക്രമത്തിലും അനീതിയിലും അതിരുകടന്നുപോയിരിക്കുന്നു. ഈ യുദ്ധം ചെയ്യുന്നത് ഇതിനല്ലാതെ, മറ്റൊരു കാര്യത്തിനുമായിരിക്കരുത്.

ഏതെങ്കിലും യുദ്ധം വ്യക്തിപരമായ അത്യാർത്തിയും അസൂയയും സ്വന്തം ഭരണത്തിന്റെ ശക്തി കാണിക്കുന്നതിനും വേണ്ടിയാണെങ്കിൽ അത്തരം യുദ്ധം ഇസ്‌ലാമിൽ തികച്ചും വിരോധിച്ചിരിക്കുന്നു. ശത്രു നിങ്ങൾക്കെതിരിൽ യുദ്ധം പ്രഖ്യാപിച്ചതിനുശേഷമേ നിങ്ങൾക്ക് അവരോടു യുദ്ധം ചെയ്യാനുള്ള അനുവാദമുള്ളൂ. ഏതൊരു ജനതയുമായിട്ടാണോ യുദ്ധം നടന്നുകൊണ്ടിരിക്കുന്നത് അവരിലെ ഓരോരുത്തരുമായിട്ടും നിങ്ങൾക്ക് യുദ്ധം ചെയ്യാൻ അനുവാദമില്ല. ഇങ്ങനെ ചെയ്താൽ അത് അതിക്രമം ആയിരിക്കും. അതിക്രമം അല്ലാഹു ഇഷ്ടപ്പെടുന്നില്ല. നിങ്ങളുടെ യുദ്ധം വാളെടുത്തുവരുന്ന സൈനികരുമായിട്ട് മാത്രമായിരിക്കണം. യുദ്ധം പരിമിതപ്പെടുത്തിവയ്ക്കാനും പറഞ്ഞു. ശത്രുവിനെ പാഠം പഠിപ്പിക്കുന്നതിനുവേണ്ടി, യുദ്ധരംഗം വിശാലമാക്കിക്കൊണ്ടുപോകാൻ പാടില്ല. ആരാധനാലയങ്ങളുടെ അടുത്ത് യുദ്ധം ചെയ്യുന്നതും നിരോധിച്ചു; ശത്രു അവിടെവച്ച് യുദ്ധം ചെയ്യാൻ നിർബന്ധിച്ചാലൊഴികെ. ആ ആരാധനാലയത്തെ തകർക്കാൻ ശ്രമിച്ചാലൊഴികെ. അതുകൊണ്ട് നബി(സ) തിരുമേനി തന്റെ സൈന്യത്തെ പ്രത്യേകമായനിലയിൽ, ആരാധനാലയങ്ങളും ക്രിസ്ത്യൻപള്ളികളും സംരക്ഷിക്കണമെന്ന് എപ്പോഴും നിർദ്ദേശം കൊടുത്തിരുന്നു. അത് തകർക്കരുത്, അതിന് നഷ്ടമുണ്ടാക്കരുത്. മസ്ജിദുൽ ഹറാമിന് സമീപം യുദ്ധം ചെയ്യുന്ന പ്രശ്നമേയില്ല. അത് അല്ലാഹുവിന്റെ വീടാണ്. അത് ശാന്തിയോടും സമാധാനത്തോടുംകൂടി ലോകത്തുള്ള എല്ലാവരേയും ഒരു കൈയിൽ ഒരുമിച്ചുകൂട്ടി, ഒരേയൊരു സമുദായമാക്കാനുള്ളതാണ്. അതുകൊണ്ട് ഇതിന്റെ പരിശുദ്ധി ഏതു പരിതസ്ഥിതിയിലും നിലനില്ക്കേണ്ടതാണ്; ശത്രു നിർബന്ധിച്ചാലൊഴികെ. നിങ്ങളുടെമേൽ അവർ ആക്രമണം നടത്തിയാൽ അത് നിങ്ങളുടെ നിർബന്ധാവസ്ഥയാണ്. അല്ലാഹു യുദ്ധത്തിന് അനുവാദം തന്നിട്ടുള്ളതിന്റെ ഉദ്ദേശ്യം ലോകത്തിലെ കുഴപ്പം അകറ്റുക എന്നതാണ്. അതുകൊണ്ട് പറഞ്ഞു: ഫിത്‌ന അവസാനിക്കുകയും ശത്രു യുദ്ധത്തിൽനിന്ന് പിന്മാറുകയും ചെയ്താൽ, ഒരു മുസൽമാനിൽനിന്ന് ഒരു തരത്തിലുള്ള അതിക്രമവും ഉണ്ടാകാൻ പാടില്ല. മതപരമായ സ്വാതന്ത്ര്യം കിട്ടിയാൽ, പിന്നീട് രാഷ്ട്രീയ നേട്ടത്തിനായി യുദ്ധം ചെയ്യാൻ പാടില്ല. ഇതാണ് ഇസ്‌ലാമിക അധ്യാപനം. ഇസ്‌ലാമിന്റെ ഉദ്ദേശ്യം ശക്തികൊണ്ട് ഇസ്‌ലാമിനെ പ്രചരിപ്പിക്കുക എന്നതായിരുന്നെങ്കിൽ '***ഫഇനിൻതഹൗ ഫലാ ഉദ്‌വാന***' അവർ വിരമിക്കുകയാണെങ്കിൽ, അക്രമികളല്ലാത്തവരുടെമേൽ ഒരു കയ്യേറ്റവും പാടില്ല എന്ന കല്പന നല്കുമായിരുന്നില്ല. പിന്നീട് യുദ്ധം മുന്നോട്ടുകൊണ്ടുപോകാനുള്ള തന്ത്രങ്ങൾ തേടിനടക്കരുത്. ഓരോരുത്തർക്കും അവരവരുടെ മതമനുസരിച്ച് ജീവിക്കാൻ അവകാശമുണ്ട്. നിങ്ങളുമായി അവർ യുദ്ധം ചെയ്യുന്നതുവരെ മാത്രമെ നിങ്ങൾക്ക് അവരോട് യുദ്ധം ചെയ്യാൻ അനുവാദമുള്ളൂ; അല്ലാതെ അവരെ മതത്തിൽനിന്ന് മാറ്റാനല്ല. ഒരിടത്ത് അല്ലാഹു പറയുന്നു:

قُلْ لِّلَّذِيْنَ كَفَرُوْٓا اِنْ يَّنْتَهُوْا
يُغْفَرْ لَهُمْ مَّا قَدْ سَلَفَ ۚ وَاِنْ يَّعُوْدُوْا
فَقَدْ مَضَتْ سُنَّتُ الْاَوَّلِيْنَ ٣٨

അവിശ്വസിച്ചവരോട് പറയുക: അവർ വിരമിക്കുന്നപക്ഷം മുമ്പേകഴിഞ്ഞതെല്ലാം അവർക്ക് പൊറുക്കപ്പെടുന്നതാണ്. ഇനി അവർ അക്രമത്തിലേക്ക് മടങ്ങുന്നതായാൽ പൂർവ്വികരുടെ മാതൃക കഴിഞ്ഞുകടന്നിട്ടുണ്ട് (8:39).

وَقَاتِلُوْهُمْ حَتّٰى لَا تَكُوْنَ فِتْنَةٌ
وَّيَكُوْنَ الدِّيْنُ كُلُّهٗ لِلّٰهِ ۚ فَاِنِ انْتَهَوْا فَاِنَّ
اللّٰهَ بِمَا يَعْمَلُوْنَ بَصِيْرٌ ٣٩

'ഫിത്ന' ഇല്ലാതാകുകയും മതം സ്വീകരിക്കുന്നത് തികച്ചും അല്ലാഹുവിനു വേണ്ടിയാകുകയും ചെയ്യുന്നതുവരെ നിങ്ങൾ അവരോട് യുദ്ധം ചെയ്യുക. അങ്ങനെ അവർ വിരമിക്കുന്നതായാൽ അവർ പ്രവർത്തിക്കുന്നത് തീർച്ചയായും അല്ലാഹു സൂക്ഷ്മമായി വീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണ് (8:40).

وَاِنْ تَوَلَّوْا فَاعْلَمُوْٓا اَنَّ اللّٰهَ مَوْلٰىكُمْ ۭ
نِعْمَ الْمَوْلٰى وَنِعْمَ النَّصِيْرُ ﴿٤١﴾

ഇനി അവർ പിന്തിരിഞ്ഞുപോവുകയാണെങ്കിൽ അല്ലാഹു നിങ്ങളുടെ രക്ഷാധികാരിയാണെന്ന് അറിഞ്ഞുകൊള്ളുക. അവനത്രെ ഏറ്റവും ഉത്തമനായ രക്ഷാധികാരി; ഏറ്റവും ഉത്തമനായ സഹായിയും അവൻതന്നെ (8:41).

അല്ലാഹു ഈ വിളംബരം നബി(സ) തിരുമേനി മുഖേന നടത്തി. ബദ്ർ യുദ്ധത്തിനുശേഷം, കുഫ്ഫാറിനോടു പറഞ്ഞു: ഞങ്ങൾ ഈ യുദ്ധം അക്രമം പ്രവർത്തിക്കാനോ ശക്തി തെളിയിക്കാനോ വേണ്ടിയല്ല ചെയ്തത്. എന്നല്ല, നിങ്ങളാണ് ഞങ്ങളോട് മക്കയിൽ അക്രമം ചെയ്തത്. ഇപ്പോൾ നിങ്ങൾ ഞങ്ങളിൽ യുദ്ധം അടിച്ചേല്പിച്ചു. ആ യുദ്ധം ഉണ്ടായത് മക്കയിൽനിന്ന് ഹിജ്റ ചെയ്ത് അല്പകാലം കഴിഞ്ഞാണ്.

മക്കയിലെ നിഷേധികൾ ചെയ്ത അക്രമങ്ങളും അനീതികളും അപ്പോൾ മറക്കാനായിട്ടില്ലായിരുന്നു. മുസ്ലിംകളുടെമേൽ അക്രമം കാണിച്ചതുപോലെ, നബി(സ) തിരുമേനിയേയും ദ്രോഹിച്ചു. അതൊന്നും ചൂടാറിയിരുന്നില്ല. ബദ്ർ യുദ്ധത്തിൽ സത്യനിഷേധികൾ ആക്രമണം നടത്തിയപ്പോൾ അവർക്ക് പരാജയവും ഏറ്റുവാങ്ങേണ്ടിവന്നു. അപ്പോൾ മുസ്ലിംകളുടെ ഉത്സാഹം വർദ്ധിച്ചു. അവർക്ക് അല്ലാഹുവിന്റെ സഹായത്തിലുള്ള വിശ്വാസവും ദൃഢതരമായി. പക്ഷേ, മുസ്ലിംകളുടെ ഹൃദയം വിദ്വേഷങ്ങൾക്കും പകയ്ക്കും പകരംവീട്ടലിനുമതീതമാണെന്ന് അല്ലാഹു വിളംബരം ചെയ്യിച്ചു. ഓരോ മുസ്ലിമിൽനിന്നും പ്രതീക്ഷിക്കുന്നത് അവർ സമാധാനത്തിന്റെ പ്രചാരകരായിരിക്കണമെന്നാണ്. അതുകൊണ്ട്, ശത്രുക്കളുടെ എല്ലാ പഴയ അക്രമങ്ങളും മാപ്പാക്കുന്നുവെന്ന് വിളംബരം ചെയ്തു. നിങ്ങൾ ഇനി യുദ്ധം ചെയ്യുകയില്ലെന്ന് ഉടമ്പടി ചെയ്യുകയാണെങ്കിൽ നിങ്ങൾ ഞങ്ങളുടെമേൽ അടിച്ചേല്പിച്ച യുദ്ധങ്ങളും ഞങ്ങൾ മാപ്പാക്കുന്നു. എന്നാൽ, ഇതിൽനിന്ന് പിൻവാങ്ങുന്നില്ലെങ്കിൽ, പിന്നെ ഞങ്ങൾ നിർബന്ധിതരാണ്. നിങ്ങൾ ആക്രമിക്കുമ്പോഴെല്ലാം നിങ്ങളുടെ അക്രമങ്ങളെ തടയാൻവേണ്ടി, മുസ്ലിംകളായ ഞങ്ങളെ ബുദ്ധിമുട്ടിക്കുകയാണെങ്കിൽ ഞങ്ങൾ പകരം വീട്ടുന്നതാണ്. അതുകൊണ്ട് അല്ലാഹുവിന്റെ ദീനിനുവേണ്ടി, ലോകത്തിന്റെ ശാന്തിക്കും സമാധാനത്തിനും വേണ്ടി ഞങ്ങൾക്കു യുദ്ധം ചെയ്യേണ്ടിവന്നാൽ, യുദ്ധം ചെയ്യും.

'*വ യക്കൂനുദ്ദീനു കുല്ലുഹു ലില്ലാഹ്*' എന്നതിലും ആക്ഷേപം ഉന്നയിക്കാറുണ്ട്- മതം അല്ലാഹുവിനുവേണ്ടിയുള്ളതാകുന്നതുവരെ പോരാടുക- ആരോപണം ഉന്നയിക്കുന്നവർ പറയുന്നത്, ഇതിന്റെ ഉദ്ദേശ്യം ഇസ്ലാം ലോകം മുഴുവൻ വിജയിക്കുന്നതുവരെ നിങ്ങൾ യുദ്ധം ചെയ്യുകയും, ഇസ്ലാമിനെ വാൾബലംകൊണ്ട് പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണെന്ന്. ഇത് ബുദ്ധിക്കുറവും വിവേകക്കുറവും കൊണ്ടുണ്ടായ ആരോപണമാണ്. അതിന്റെ മുമ്പും പിമ്പും നോക്കുകയും മറ്റ് ആയത്തുകളുമായി ഒത്തുനോക്കുകയുമാണെങ്കിൽ (അവയിൽ ചിലത് ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.) കാര്യം എളുപ്പം മനസ്സിലാകുന്നതാണ്. ഇതിൽനിന്ന്, ഈ വചനത്തിന്റെ ഉദ്ദേശ്യം ഓരോ വ്യക്തിയുടേയും ദീനിന്റെ കാര്യം അല്ലാഹുവുമായിട്ടായതുകൊണ്ട് അവൻ ഏതു മതം ഇഷ്ടപ്പെടുന്നുവോ അത് സ്വീകരിക്കട്ടെ എന്നാണെന്ന് വ്യക്തമാണ്. ഇസ്ലാമിന്റെ സന്ദേശമെത്തിക്കുക എന്നത് ഓരോ മുസ്ലിമിന്റേയും നിർബന്ധകടമയാണ്. പക്ഷേ, അവരെ നിർബന്ധിച്ച് വിശ്വാസിയാക്കുക എന്നത് മുസ്ലിമിന്റെ പണിയല്ല. ഇത് അല്ലാഹുവിന്റെ കാര്യമാണ്. എന്തു പ്രവർത്തി നിങ്ങൾ ചെയ്താലും അത് അല്ലാഹുവിനുവേണ്ടിയായിരിക്കണം എന്നാണ് അല്ലാഹുവിനുവേണ്ടിമാത്രം മതമായിത്തീരുക എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം. അല്ലാതെ ഇസ്ലാമിനെ അടിച്ചേല്പിക്കുക എന്നതല്ല.

ആരും വിശ്വസിക്കുന്നില്ലെങ്കിൽ, അത് അവരുടെ ഇഷ്ടമാണ്. ഓരോരുത്തരുടേയും കർമ്മങ്ങൾ അല്ലാഹുവിന്റെ മുമ്പിലുണ്ട്. അവൻ ഉദ്ദേശിക്കുന്നതുപോലെ അവനോട് പെരുമാറും. നബി(സ) തിരുമേനിയുടെമേലും, നഊദുബില്ലാഹ് അദ്ദേഹം ബലാൽക്കാരത്താൽ മുസ്ലിമാക്കിയിരുന്നുവെന്ന് ആക്ഷേപം ഉന്നയിക്കുന്നു. ഈ യുദ്ധം ചെയ്തതൊക്കെ അതിനാണത്രെ! വിശുദ്ധഖുർആന്റെ തെളിവുകൾക്കു പുറമെയും ഹദീസിൽനിന്നും തെളിവുകൾ പറയുന്നു! നബി(സ) തിരുമേനി രാജാക്കന്മാർക്ക് തബ്ലീഗ് കത്തെഴുതുകയോ സൈന്യത്തെ അയക്കുകയോ ചെയ്തിരുന്നു. അപ്പോൾ '***അസ്ലിമൂതസ്ലമൂ***' എന്ന സന്ദേശം അയച്ചിരുന്നു. അതായത്, ഇസ്ലാം സ്വീകരിക്കുക. എന്നാൽ, സുരക്ഷിതരായിരിക്കുമെന്ന്. ഇതിന്റെ താൽപര്യം ശത്രുക്കൾ മനസ്സിലാക്കുന്നത്, ഇത് ഭീഷണിയാണെന്നാണ്. അതായത് ഇസ്ലാം സ്വീകരിക്കുക ഇല്ലെങ്കിൽ ഭുജബലം

കൊണ്ട് ഞങ്ങൾ മുസ്‌ലിമാക്കുമെന്ന്!

ഒന്നാമത്, മനസ്സിലാക്കാനുള്ളത നബി(സ) തിരുമേനി, തബ്‌ലീഗിന്റെ വീക്ഷണത്തിൽ മാത്രമാണ് ഇത് പറഞ്ഞിരുന്നത്. അതായത് ഇസ്‌ലാമിന്റെ സന്ദേശം മാത്രമാണ് സമാധാന സന്ദേശം. അതുകൊണ്ട് ഇതിനെ അനുസരിക്കുകയും ഇതിന്റെ തണലിൽ വരികയും ചെയ്യുക എന്ന്. ഭൗതികദൃഷ്ടികൊണ്ട് നോക്കുന്ന ഈ ആക്ഷേപകർ, വലിയ വലിയ രാജാക്കന്മാർക്ക് നബി(സ) പ്രബോധനം ചെയ്തുകൊണ്ട് കത്തെഴുതുകയും, അത് ഒരേസമയം എഴുതുകയും ചെയ്തത് ഭീഷണിയാണെന്ന് സമ്മതിക്കുന്നു. എന്നാൽ, ഒരു സാധാരണബുദ്ധിയുള്ള മനുഷ്യൻ പോലും ഇത്തരം പ്രവർത്തി ചെയ്യുകയില്ല എന്നതാണ് വാസ്തവം. അതായത് ലോകം മുഴുവനുമായിട്ട് ഒരേസമയം ഏറ്റുമുട്ടാൻ സാധാരണക്കാർ പോലും തയ്യാറാകുമോ. അപ്പോഴാണെങ്കിൽ ഇസ്‌ലാം അത്ര ശക്തിയും പ്രാപിച്ചിരുന്നില്ല.

ഇവർ അല്പമെങ്കിലും ചിന്തിക്കേണ്ടതാണ്. നബി(സ) തിരുമേനി അല്ലാഹുവിന്റെ നബിയായിരുന്നു. അല്ലാഹുവിൽ നബി(സ)ന് തികഞ്ഞ വിശ്വാസമുണ്ടായിരുന്നു. മനുഷ്യരോടുള്ള സഹതാപം ആഗ്രഹിച്ചതുകൊണ്ടാണ് ആ മഹാത്മാവ് ഈ സന്ദേശം നല്കിയത്. ഈ ദീനിൽ മാത്രമേ സമാധാനവും ശാന്തിയും ഉള്ളൂവെന്ന് നബി(സ)യ്ക്ക് ദൃഢവിശ്വാസമായിരുന്നു. അത് പ്രചരിപ്പിക്കുന്ന മതവും ഇതു മാത്രമാണ്. അതുകൊണ്ട് ലോകം ഇത് വിശ്വസിക്കണം. ഈ ഉദ്ദേശ്യത്തോടുകൂടിയാണ് ആ മഹാത്മാവ് ഈ സന്ദേശം ലോകത്തിന് കൊടുത്തത്. വിവിധ രാജാക്കന്മാർക്ക് കത്ത് അയച്ചത്. അവസാന ശരീഅത്തുമായി അല്ലാഹു അയച്ച ആ നബി(സ) യേക്കാൾ കൂടുതൽ ആർക്കും ഈ ദൃഢവിശ്വാസത്തിൽ നിലകൊള്ളാൻ സാധിക്കുമായിരുന്നില്ല. ഈ സന്ദേശം മാത്രമാണ് ലോകത്തിന് സമാധാനത്തിനുള്ള ഈട് നല്കുന്നത്. അതുകൊണ്ട് ആ മഹാത്മാവ് രാജാക്കന്മാർക്കും ആ സന്ദേശം നല്കി. യുദ്ധം ആരംഭിക്കുന്നതിനു മുമ്പേ ഇസ്‌ലാമിനെ നശിപ്പിക്കാൻ കച്ചകെട്ടിയിറങ്ങിയ എല്ലാ കൊടിയ ശത്രുക്കൾക്കും അതെത്തിച്ചു. ഇപ്പോൾ നിങ്ങൾ ഞങ്ങളുടെമേൽ യുദ്ധം അടിച്ചേല്പിക്കുന്നു. ഇപ്പോഴും അതിൽനിന്നുമാറിക്കൊണ്ട് നിങ്ങൾക്ക് ഈ സമാധാനസന്ദേശം ഞങ്ങൾ നല്കുകയാണ്. നിങ്ങൾ നിങ്ങളുടെ മതത്തിൽ നിലനില്ക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അതിൽനിന്നുകൊള്ളുക. നിങ്ങളുടെ ഇഷ്ടമനുസരിച്ച് ആരാധന നടത്തിക്കൊള്ളുക. എന്നാൽ, ഇസ്‌ലാമിന്നെതിരിൽ ഗൂഢപദ്ധതികൾ ചെയ്യുന്നതിൽ നിന്നും മുസ്‌ലിംകളെ ബുദ്ധിമുട്ടിക്കുന്നതിൽ നിന്നും പിന്മാറേണ്ടതാണ്. ഇപ്പോൾ നിങ്ങൾ ഞങ്ങളുടെമേൽ യുദ്ധം അടിച്ചേല്പിച്ചു. അതിൽനിന്ന് പിന്മാറാൻ തയ്യാറുമല്ല, ഈ യുദ്ധം ജയിച്ചാലും നിങ്ങൾക്ക് അനുസരണം പുലർത്തേണ്ടിവരും. യുദ്ധം കൂടാതെതന്നെ ഇസ്‌ലാമിനെ അനുസരിക്കുന്നെങ്കിൽ അതാണുനല്ലത്. നിങ്ങളുടെ എല്ലാ അവകാശങ്ങളും നിങ്ങൾക്ക് നല്കുന്നതാണ്.

നഊദുബില്ലാഹ്, അതൊരു ഭീഷണിയായിരുന്നു എന്ന ആക്ഷേപം തികച്ചും തെറ്റാണ്. എന്നല്ല, അത് എങ്ങനെ നോക്കിയാലും, 'ദീൻ അല്ലാഹുവിനു ആകുന്നതുവരെ പോരാടുക' എന്നത് അതിന്റെ കർമ്മമായിരുന്നു. സമാധാനം സ്ഥാപിക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഓരോരുത്തർക്കും മതപരമായ സ്വാതന്ത്ര്യവും നല്കണം.

ചരിത്രം സാക്ഷിയാണ്. എങ്ങനെയാണ് ആ മഹാത്മാവ് സാധാരണക്കാരെ ഗൗനിച്ചിരുന്നത്. അതിനുവേണ്ടി ഉപദേശിച്ചിരുന്നത്. പറഞ്ഞു: യുദ്ധത്തിൽ ഒരു വഞ്ചനയും കാണിക്കരുത്. നബി(സ) തിരുമേനി ആക്രമിച്ചതും പകൽ വെളിച്ചത്തിലായിരുന്നു. കുട്ടികളെ കൊല്ലരുതെന്ന് കല്പന കൊടുത്തിരുന്നു. സ്ത്രീകളെ കൊല്ലരുത്. പാതിരിമാരേയും മതനേതാക്കന്മാരേയും വധിക്കരുത്. വൃദ്ധരെ കൊല്ലരുത്. എന്നല്ല, വാളെടുക്കാത്ത ആരേയും ഒന്നും പറയരുത്. അത് യുവാവാണെങ്കിലും വേണ്ടില്ല. ശത്രുരാജ്യത്തിന്റെ ഉള്ളിൽ ഭയവും ഭീതിയും ഉണ്ടാക്കരുത്. സൈന്യം തമ്പടിക്കുമ്പോൾ, പൊതുജനത്തിന് ബുദ്ധിമുട്ടില്ലാത്ത സ്ഥലത്തായിരിക്കണം. പറഞ്ഞു: ഈ കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കാത്തതാരാണോ അവന്റെ പോരാട്ടം അല്ലാഹുവിനു വേണ്ടിയായിരിക്കുകയില്ല. പ്രത്യുത തന്റെ സ്വാർത്ഥതയ്ക്കുവേണ്ടിയായിരിക്കും. സ്വാർത്ഥതയ്ക്കുവേണ്ടി ഏതൊരു യുദ്ധമാണോ ചെയ്യുന്നത് അതിൽ അക്രമവും അനീതിയുമല്ലാതെ മറ്റൊന്നും ഉണ്ടാകാറില്ല. ഈ അക്രമവും അനീതിയും തടയുന്നതിനും സമാധാനം പ്രചരിപ്പിക്കാനുമാണ് ഈ കല്പന.

മനുഷ്യരോടുള്ള സഹതാപത്തിന്റെ ആ പാരമ്യതാവസ്ഥ നോക്കുക. ആ മഹാത്മാവ് സന്ദേശം നല്കിക്കൊണ്ടു പറയുന്നു: ശത്രുവിന്റെ മുഖത്ത് മുറിവേല്പിക്കരുത്. ശത്രുവിന് ഏറ്റവും കുറച്ച് നഷ്ടം വരുത്താനേ ശ്രമിക്കാവൂ. തടവുകാരുടെ സൗഖ്യം ശ്രദ്ധിക്കണം. ബദ്ർ യുദ്ധത്തിലെ ഒരു തടവുകാരൻ പറഞ്ഞു: വീട്ടുകാർ സ്വയം കാരക്ക തിന്നുകയും എനിക്ക് റൊട്ടി തരികയും ചെയ്തു. ഏതെങ്കിലും

കുട്ടിക്ക് റൊട്ടി ലഭിച്ചാൽ അവൻ അത് എനിക്കു തരുമായിരുന്നു.

അയാൾ പറയാറുണ്ടായിരുന്നു, ഞാൻ ചിലപ്പോൾ ലജ്ജിച്ചിരുന്നു. തിരിച്ചുകൊടുക്കാൻ മുതിർന്നിരുന്നു. എങ്കിലും ഇത് ഇസ്‌ലാമിന്റെ കല്പനയായതുകൊണ്ട് മുസ്‌ലിംകൾ അത് ചെയ്യാൻ നിർബന്ധിതരായിരുന്നു.

കുട്ടികളുടെ അവസ്ഥപോലും ഇതായിരുന്നു. ഇതായിരുന്നു നബി(സ) തിരുമേനി തന്റെ സമുദായത്തിൽ നാട്ടിയ, സമാധാനത്തിന്റേയും ശാന്തിയുടേയും സ്നേഹത്തിന്റേയും പരസ്പര അവകാശത്തിന്റേയും അധ്യാപനം. കുട്ടികൾക്കുപോലും, ഇസ്‌ലാം ശാന്തിയും സമാധാനവുമല്ലാതെ മറ്റൊന്നുമല്ലെന്ന് അറിയാമായിരുന്നു.

ഏതെങ്കിലും ജനതയുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിന്, അവരുടെ അംബാസിഡറർമാരുമായി നല്ല ബന്ധം സ്ഥാപിക്കേണ്ടത് അങ്ങേയറ്റം നിർബന്ധമാണ്. വിദേശഅംബാസിഡറർമാരോട് പ്രത്യേകം പെരുമാറണമെന്നത് നബി(സ)യുടെ കല്പനയായിരുന്നു. അവരെ ആദരിക്കുകയും ബഹുമാനിക്കുകയും വേണം. തെറ്റുണ്ടായാൽത്തന്നെ വിട്ടുവീഴ്ച ചെയ്യണം. കണ്ടില്ലാന്ന്വയ്ക്കണം. ശാന്തി സ്ഥാപിക്കുന്നതിനുവേണ്ടി, യുദ്ധത്തടവുകാരോട് ഏതെങ്കിലും മുസ്‌ലിം അതിക്രമം പ്രവർത്തിച്ചാൽ, ആ തടവുകാരനെ ഒരു നിബന്ധനയും കൂടാതെ മോചിപ്പിക്കുക എന്നും പറഞ്ഞു.

ഈ കല്പനകളിൽനിന്ന് മനസ്സിലാകുന്നത്, ഇസ്‌ലാമികയുദ്ധങ്ങൾ വ്യക്തിപരമായിട്ടുള്ള യുദ്ധം ആയിരുന്നില്ല. മറിച്ച്, ഇസ്‌ലാമിനും അല്ലാഹുവിനും വേണ്ടിയായിരുന്നു എന്നാണ്. മതസ്വാതന്ത്ര്യത്തിനും അഭിപ്രായസ്വാതന്ത്ര്യത്തിനും വേണ്ടിയായിരുന്നു. ലോകത്തിന് ശാന്തിയും സമാധാനവും നല്കാനായിരുന്നു. തടവുകാരോട് പെരുമാറേണ്ടതിനെ സംബന്ധിച്ച്, ഏതെങ്കിലും തടവുകാരനെ അല്ലെങ്കിൽ അടിമയെ ഫിദ്‌യ കൊടുത്ത് മോചിപ്പിക്കാൻ സ്വന്തം കഴിവില്ലെങ്കിൽ പറഞ്ഞു:

***വല്ലദീന യബ്തഗൂനൽകിതാബ മിമ്മാ മലക്കത്ത് അയ്മാനുക്കും ഫ കാതിബൂഹും ഇൻഅലിംതും ഫീഹിം ഖയ്റാ- വആതൂഹും മ്മിൻമാലില്ലാഹില്ലദീ ആതാക്കും.*** നിങ്ങളുടെ അടിമകളിൽനിന്ന് മോചന ഉടമ്പടി എഴുതാൻ ആവശ്യപ്പെടുന്നവരുമായി- അവരിൽ നന്മയുണ്ടെന്ന് നിങ്ങൾക്ക് ബോധ്യമായാൽ- നിങ്ങൾ അവരുമായി കരാറെഴുതി രേഖപ്പെടുത്തുക. അല്ലാഹു നിങ്ങൾക്കു നല്കിയ ധനത്തിൽനിന്ന് നിങ്ങൾ അവർക്ക് നല്കുകയും ചെയ്യുക (24:34).

യുദ്ധത്തിന്റെ ചെലവ് അക്കാലത്ത് വ്യക്തിപരമായിട്ടാണ് പൂർത്തിയാക്കിയിരുന്നത്. ഏതൊരു ഉടമസ്ഥന്റെയടുത്താണോ ഈ അടിമയുള്ളത്, അയാൾ അവനുവേണ്ടി ചെലവ് വഹിക്കേണ്ടതാണ്. അയാൾ ചെയ്യുന്നില്ലെങ്കിൽ മുസ്‌ലിംകൾ സംഘടിച്ചുകൊണ്ട് അവന്റെ മോചനത്തിനുള്ള സാഹചര്യം ഒരുക്കണം. ഇങ്ങനെ അയാൾക്ക് മോചനം കിട്ടണം. അങ്ങനെ സ്വതന്ത്രനായിക്കൊണ്ട് രാജ്യത്തിന്റെ പുരോഗതിയിൽ പങ്കെടുക്കാനും അയാൾക്കു കഴിയണം. കാരണം അവനിലുള്ള കഴിവ് രാജ്യത്തിന് ഉപകാരപ്പെടണം.

ഇതാണ് ഇസ്‌ലാമിന്റെ മനോഹരമായ പാഠം. അത് എല്ലാവരുടേയും എല്ലാ വിഭാഗത്തിന്റേയുംമേൽ സമാധാനം വിതറുന്നതാണ്. ഓരോരുത്തർക്കും സ്വാതന്ത്ര്യം നല്കുന്നതാണ്. അല്ലാഹു ഓരോ അഹ്മദിക്കും തൗഫീഖ് നല്കുമാറാകട്ടെ. ഞാൻ വിവിധ ഖുത്ബയിൽ പറഞ്ഞ, സമാധാനത്തിന്റെ ആ വിവിധ കാര്യങ്ങൾ ലോകത്തിന്റെ മുമ്പിൽ സമർപ്പിച്ചുകൊണ്ട് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം ജനങ്ങൾക്കു പറഞ്ഞുകൊടുക്കുന്നവരായിത്തീരട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 29.6.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala